# കൈത്താക്കാലം

## വചന വിചിന്തനം

### കൈത്താക്കാലം ഒന്നാം ഞായർ

### ലൂക്കാ 14,1–14

"നിയമത്തിന്റെ ലംഘനം പാപമാകുമ്പോൾ
നിയമത്തിന്റെ ചൈതന്യം ഗ്രഹിക്കാത്തത്
കൊടിയ തിന്മയിലേയ്ക്ക് നയിക്കുന്നു!"

ഒരു സാബത്തിൽ ഫരിസേയപ്രമാണികളിൽ ഒരുവൻെറ വീട്ടിൽ ക്രിസ്തു വിരുന്നിരിക്കുന്നു. അവിടെ കൂടിയിരുന്ന മുഴുവൻ ഫരിസേയരും നിയമജ്ഞരും ക്രിസ്തുവിനെ മാത്രം ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. പക്ഷെ, ക്രിസ്തുവിന്റെ കണ്ണുകൾ ഉടക്കുന്നത് ഫരിസേയരിലോ നിയമജ്ഞരിലോ അല്ല. മറിച്ച്, അവിടെയുണ്ടായിരുന്ന ഒരു മഹോദരരോഗിയിലാണ്. ക്രിസ്തുവിന്റെ ജീവിതശൈലിതന്നെയാണിത്. വിരുന്നിന്റെ സമൃദ്ധിയുടെ നടുവിലിരിക്കുമ്പോഴും അവന്റെ കണ്ണുകൾ പതിയുന്നത് പാവപ്പെട്ടവരിലും പതിതരിലുമാണ്. അനുകരണീയമായ ജീവിതശൈലി!

ക്രിസ്തുവിന്റെ വിരുന്ന് മേശകൾ ദൈവരാജ്യത്തിന്റെ വിരുന്ന് മേശകളാണ്. സ്വർഗ്ഗരാജ്യത്തിന്റെ വിരുന്ന് എങ്ങനെ ആസ്വദിക്കാമെന്ന് പഠിപ്പിക്കുന്ന വിരുന്ന് മേശകൾ....

ക്രിസ്തു നിയമജ്ഞരോടും ഫരിസേയരോടുമായി ചോദിച്ചു: "സാബത്തിൽ രോഗശാന്തി നൽകുന്നത് അനുവദനീയമോ അല്ലയോ?" നിയമം വ്യാഖ്യാനിക്കുന്നവരും, നിയമത്തിന്റെ വള്ളിയോ പുള്ളിയോ മാറ്റാതെ അനുസരിക്കുന്നവരും ക്രിസ്തുവിന്റെ ചോദ്യത്തിന് മുമ്പിൽ നിശബ്ധരാകുന്നു  അവരുടെ നിശബ്ദതയെ മുറിച്ചുകൊണ്ട് ക്രിസ്തു മഹോദരരോഗിയെ അടുത്തുവിളിച്ചു സുഖപ്പെടുത്തി അയക്കുന്നു. തുടർന്നാണ് 'ക്ലൈമാക്സ്!' ക്രിസ്തു ഫരിസേയരോടും നിയമജ്ഞരോടുമായി ഒരു ചോദ്യം ചോദിക്കുകയാണ്, "സാബത്തിൽ തൻെറ പുത്രനോ കാളയോ കിണറ്റിൽ വീണാൽ ഉടൻ പിടിച്ചു കയറ്റാത്തവനായി നിങ്ങളിൽ ആരുണ്ട്?" നന്മ ചെയ്യാൻ കാലിൽ ചിറക് മുളപ്പിച്ച് നടക്കുന്നവന്റെ ചോദ്യത്തിന് മുമ്പിൽ ഫരിസേയരും നിയമജ്ഞരും ശിരസ് നമിക്കുന്നു.

നിയമങ്ങളെന്നും മനുഷ്യന്റെ നന്മയ്ക്ക് വേണ്ടിയാണ്. നിയമങ്ങൾ അനുസരിക്കുന്നതിനോടൊപ്പം നിയമങ്ങളുടെ ആന്തരീകചൈതന്യം വിവേചിച്ചറിയാൻ സാധിക്കണം. ഇന്ന്, നിയമങ്ങൾ ലംഘിക്കപ്പെടുന്നുണ്ടെങ്കിൽ അതിനുള്ള കാരണം നിയമങ്ങളുടെ ചൈതന്യത്തെ വിവേചിച്ചറിയാൻ സാധിക്കാത്തതാണ്. അതുകൊണ്ടാണ് നേരത്തെ കുറിച്ച് വച്ചത്, "നിയമത്തിന്റെ ലംഘനം പാപമാകുമ്പോൾ, നിയമത്തിന്റെ ചൈതന്യം ഗ്രഹിക്കാത്തത് കൊടിയ തിന്മയിലേയ്ക്ക് നയിക്കുന്നു." സാബത്ത് മനുഷ്യന് വേണ്ടിയുള്ളതാണ്. അല്ലാതെ, മനുഷ്യൻ സാബത്തിന് വേണ്ടിയുള്ളതല്ല. സകലത്തിന്റെയും ഉടയവൻ എന്നെ ആഴ്ച്ചയിലെ ആറുദിവസം കനിഞ്ഞനുഗ്രഹിക്കുമ്പോൾ ഏഴാം ദിനം വിരിച്ച കരവുമായി എന്റെ ശിരസിന് മുകളിൽ നിൽക്കുന്ന ദൈവത്തെ സ്തുതിക്കുവൻ ഞാൻ മാറ്റി വയ്ക്കുന്നു. ആ ദിനത്തിന് നൽകിയ പേരാണ്, "സാബത്ത്."

ക്രിസ്തുവിന്റെ ഫിലോസഫി യുക്തി സഹജമാണ്. സാബത്തിൽ കുഴിയിൽ വീണ കാളയെയും കഴുതയെയും രക്ഷിക്കാനും അവയ്ക്ക്

വെള്ളം കൊടുക്കുവാനും നിയമം അനുശാസിക്കുന്നുണ്ടെങ്കിൽ കാളയെക്കാളും കഴുതയേക്കാളും വിലയേറിയ മനുഷ്യനെ അവന്റെ രോഗങ്ങളിൽ നിന്നും ബന്ധനങ്ങളിൽ നിന്നും മോചിക്കുന്നത് എങ്ങനെയാണ് നിയമവിരുദ്ധമാകുന്നത്.

"നിൻെറ സഹോദരൻെറ കഴുതയോ കാളയോ വഴിയിൽ വീണുകിടക്കുന്നതു കണ്ടാൽ നീ മാറിപ്പോകരുത്. അതിനെ എഴുന്നേൽപിക്കാൻ അവനെ സഹായിക്കണം" (നിയ 22,4). "നിന്നെ വെറുക്കുന്നവൻെറ കഴുത, ചുമടിനു കീഴെ വീണു കിടക്കുന്നത് കണ്ടാൽ, നീ കടന്നു പോകരുത്; അതിനെ എഴുന്നേൽപിക്കാൻ അവനെ സഹായിക്കണം" (പുറ 23,5). നിയമവും വചനവും അനുശാസിക്കുന്നത് ഇപ്രകാരമാണെങ്കിൽ മനുഷ്യന് നന്മചെയ്യുന്നതിൽ നാം എന്തിന് ശങ്കിക്കണം? യഹൂദന്മാരുടെ നിയമസംഹിതയായ മിഷ്നായിൽ സാബത്തിൽ പ്രസവസഹായം, ച്ഛേദനാചാരം, കുഴിയിൽ വീണവരുടെ രക്ഷ തുടങ്ങിയവ അനവദനീയ കർമ്മങ്ങളായി കണ്ടിരുന്നു (Msabb 18.3). ചുരുക്കത്തിൽ, ക്രിസ്തു ഫരിസേയരുടെയും നിയമജ്ഞരുടെയും അടുത്ത് ചോദിക്കുന്ന ചോദ്യം, "സാബത്തിൽ തൻെറ പുത്രനോ കാളയോ കിണറ്റിൽ വീണാൽ ഉടൻ പിടിച്ചു കയറ്റാത്തവനായി നിങ്ങളിൽ ആരുണ്ട്?" (ലൂക്ക 14,6) നിയമവസ്തുതകളുടെ ആന്തരീക ചൈതന്യത്തെയാണ് വരച്ച് കാണിക്കുന്നത്.

സമൃദ്ധിയുടെ നടുവിലായിരിക്കുമ്പോഴും കണ്ണുനീര് ഒലിച്ചിറങ്ങുന്ന കവിളുകൾ കാണാൻ പഠിക്കുക... ക്രിസ്തുവിനെപ്പോലെ...

മനുഷ്യന്റെ മനുഷ്യത്വത്തെ ധികരിക്കുന്ന എല്ലാ നിയമങ്ങളെയും ക്രിസ്തു തള്ളികളയുന്നു! "സാബത്തിൽ തൻെറ പുത്രനോ കാളയോ കിണറ്റിൽ വീണാൽ ഉടൻ പിടിച്ചു കയറ്റാത്തവനായി നിങ്ങളിൽ ആരുണ്ട്?" (ലൂക്ക 14,6). ആധുനീക കാലഘട്ടത്തിൽ മനുഷ്യന്റെ മഹത്വത്തെ ധികരിക്കുന്ന നിയമങ്ങളെയെല്ലാം സഭ എതിർക്കുന്നതിന്റെ കാരണവും ഇതു തന്നെയാണ്. ഗർഭച്ഛിദ്രം, ആത്മഹത്യ, കൃത്രിമ കുടുംബാസൂത്രണം, ദയാവധം, ലിംഗഭേതമെന്യേ വിവാഹം എന്നീവയെല്ലാം നിയമത്തിന്റെ രൂപത്തിൽ ഗർഭം ധരിച്ച് ഇന്ന് സമൂഹത്തിൽ പിറവി കൊള്ളുമ്പോൾ സഭ അതിനെ നിശിതമായി വിമർശിക്കുന്നതിന്റെ കാരണവും തേടി മറ്റെവിടെയും അലയേണ്ട. "നിയമങ്ങൾ മനുഷ്യന്റെ മഹത്വത്തെ ധിക്കരിക്കാനുള്ളതല്ല. മറിച്ച്, മനുഷ്യന്റെ മഹത്വത്തെ അലംങ്കരിക്കാനുള്ളതാണ്!"

തിരക്കിന്റെ ലോകത്ത് ഇന്ന് മനുഷ്യന് മനുഷ്യന്റെ മഹത്വം തിരിച്ചറിയാൻ സാധിക്കുന്നില്ല... ബന്ധങ്ങൾക്ക് വില കൽപ്പിക്കാൻ സാധിക്കുന്നില്ല.... കുഞ്ഞായിരിക്കുമ്പോൾ വികാരിയച്ചൻ പള്ളിപ്രസംഗത്തിൽ പറഞ്ഞ, മനസിനെ ജ്വലിപ്പിക്കുന്ന, കഥ ഇപ്രകാരമാണ്.

ജോലി കഴിഞ്ഞ് വീട്ടിലെത്തി സോഫയിൽ ഇരുന്ന് തന്റെ മൊബൈൽ നോക്കുന്ന അപ്പന്റെ അടുത്തേക്ക് 5 വയസുകാരൻ മകൻ ഓടിച്ചെന്നു. എന്നിട്ട് ചോദിച്ചു.

"അപ്പാ... അപ്പന് ഒരു മണിക്കൂർ ജോലി ചെയ്താൽ എത്ര രൂപ കിട്ടും?"

"നീ അപ്പുറത്തെങ്ങാനും പോ. അപ്പന് കുറച്ച് ജോലിയുണ്ട്."

അല്പം കഴിഞ്ഞ് തന്റെ മകന്റെ റൂമിനരികിലൂടെ നടന്നുപോയ അപ്പൻ കത് കട്ടിലിൽ കമിഴ്ന്ന് കിടക്കുന്ന തന്റെ മകനെയാണ്. അപ്പൻ മകന്റെ അടുത്തേക്ക് ചെന്ന് അവനെ തട്ടി വിളിച്ച് അവനോട് ചോദിച്ചു.

"നീ നേരത്തേ എന്താ അപ്പനോട് അങ്ങനെ ചോദിച്ചത്?"

കട്ടിലിൽ നിന്നും ചാടി എഴുന്നേറ്റ് അവൻ വീണ്ടും അതേ ചോദ്യം ആവർത്തിച്ചു,

"അപ്പന് ഒരു മണിക്കൂർ ജോലി ചെയ്താൽ എത്ര രൂപ കിട്ടും?"

"എന്താടാ കാര്യം?"

"അപ്പൻ പറ..."

"ഒരു മണിക്കൂർ ജോലി ചെയ്താൽ അപ്പന് 100 രൂപ കിട്ടും..."

"ഓക്കെ... അപ്പൻ എനിക്കൊരു 50 രൂപ തരുമോ?"

"എന്തിനാ നിനക്ക് അൻപത് രൂപ?"

"അപ്പൻ താ..."

അപ്പൻ 50 രൂപയെടുത്ത് അവന് കൊടുത്തു.

അവൻ സന്തോഷത്തോടെ അത് വാങ്ങി. എന്നിട്ട് തന്റെ തലയിണയുടെ കീഴേ നിന്നും അവൻ കൂട്ടി വച്ചുണ്ടാക്കിയ മറ്റൊരു 50 രൂപ എടുത്തു. എന്നിട്ട്, അപ്പനിൽ നിന്നും വാങ്ങിയ 50 രൂപയും ചേർത്ത് അപ്പന് കൊടുത്തു.

"എനിക്കെന്തിനാടാ ഇത്?"

"ഇത് അപ്പൻ എടുത്തോ. എന്നിട്ട്, ഒരു മണിക്കൂർ എന്റെ കൂടെ കളിക്കാൻ വരുമോ?"

നിഷ്കളങ്കമായ ആ ചോദ്യം കേട്ട് ആ അപ്പൻ അവനേ ചേർത്ത് പിടിച്ചു.

തിരക്കിന്റെ ലോകത്ത് ജീവിക്കുന്ന നമുക്ക് ഈ കഥ ഒരു ഓർമ്മപ്പെടുത്തലാണ്. വിരുന്നിന്റെ സമൃദ്ധിയുടെ നടുവിലിരുന്നപ്പോഴും ക്രിസ്തുവിന്റെ കണ്ണുകളിൽ ദർശിച്ചത് മഹോദരരോഗിയിലാണ്. സമൃദ്ധിയുടെ നടുവിലായിരിക്കുമ്പോഴും ഇടറുന്ന പാദങ്ങളെയും തകരുന്ന ഹൃദയങ്ങളെയും തിരിച്ചറിയാൻ സാധിക്കണം. ക്രിസ്തു മനുഷ്യനോളം വിലയുള്ളതായി മറ്റൊന്നിനെയും കാണുന്നില്ല. സാബത്തിൽ ഫരിസേയന്റെ വിരുന്നിന്റെ സമൃദ്ധിയുടെ നടുവിലിരിക്കുമ്പോൾ മഹോദരരോഗിയെ സുഖപ്പെടുത്തുന്നുണ്ടെങ്കിൽ കാരണം ഒന്നുമാത്രം, "Man is centre for everything!" നന്മ ചെയ്യുന്നതിൽ മടുപ്പ് തോന്നരുത്.

"പഴയ മനുഷ്യനെ അവന്റെ ചെയ്തികളോടുകൂടെ നിഷ്കാസനം ചെയ്യുവിൻ. സമ്പൂർണജ്ഞാനം കൊണ്ടു സ്രഷ്ടാവിന്റെ പ്രതിച്ഛായക്കനുസൃതമായി നവീകരിക്കപ്പെടുന്ന പുതിയ മനുഷ്യനെ ധരിക്കുവിൻ

1 കൊളോ 3,9-10

"പരിശുദ്ധഹൃദയത്തോടെ
കർത്താവിനെ വിളിക്കുന്നവരോടു ചേർന്ന്
നീതി, വിശ്വാസം സ്നേഹം, സമാധാനം എന്നവയിൽ
ലക്ഷ്യം വയ്ക്കുക.!"

2 തിമോ 2,22

ഫാ. ജോബി മേനോത്ത്
+91 944 7777 931